"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളവിഹിതം സർക്കാരിന്റെ കോവിഡ് പ്രവർത്തനങ്ങൾക്കായി കിഴിവ് ചെയ്യുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പി.യു.സി) വകുപ്പ്**

**സ.ഉ.(അച്ചടി)നം.91/2020/ധന. തീയതി, തിരുവനന്തപുരം, 03/07/2020**

---

പരാമർശം: 1. സ.ഉ.(അച്ചടി) നം. 53/2020/ധന തീയതി : 30/04/2020.
2. സ.ഉ.(അച്ചടി)നം. 54/2020/ധന തീയതി : 01/05/2020.
3. സ്പാറ്റോ സംസ്ഥാന കമ്മിറ്റി ജനറൽ സെക്രട്ടറി സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

കോവിഡ് പ്രതിസന്ധി കണക്കിലെടുത്ത്, സർക്കാർ ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റി, കോർപ്പറേഷനുകൾ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരുടേയും ആറ് ദിവസത്തെ ശമ്പളം വീതം ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ വിതരണം ചെയ്യാതെ മാറ്റിവെയ്ക്കാൻ സൂചന (1) പ്രകാരം ഉത്തരവായിരുന്നു. സർക്കാർ ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും ശമ്പളത്തിൽ നിന്നും സർക്കാരിലേയ്ക്കുള്ള വായ്പയുടെയും മുൻകൂറിന്റെയും മുതലിനത്തിലുള്ളതും പലിശയിനത്തിലുള്ളതുമായ 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിലെ തിരിച്ചടവ് മാറ്റി വയ്ക്കുന്നതിനും, മൊത്തശമ്പളത്തിൽ നിന്ന് ആറു ദിവസത്തെ ശമ്പളം കുറയ്ക്കുന്നതിനു ബുദ്ധിമുട്ട് നേരിടുന്ന പക്ഷം അത്തരം ഉദ്യോഗസ്ഥരുടെ പ്രോവിഡന്റ് ഫണ്ടിലേക്കുള്ള വിഹിതം അടിസ്ഥാന ശമ്പളത്തിന്റെ ആറു ശതമാനമാക്കി കുറയ്ക്കുന്നതിനും സൂചന (2) ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളവിഹിതം സർക്കാരിന്റെ കോവിഡ് പ്രവർത്തനങ്ങൾക്കായി കിഴിവ് ചെയ്യുന്നത് സംബന്ധിച്ച് പ്രത്യേക സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സൂചന (3) നിവേദനത്തിൽ സ്പാറ്റോ സംസ്ഥാന കമ്മിറ്റി ജനറൽ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(i) സൂചന (2) ഉത്തരവിൽ ഖണ്ഡിക (3)-ലെ പ്രോവിഡന്റ് ഫണ്ടിലേക്കുള്ള വിഹിതം സംബന്ധിച്ച നിബന്ധന ജി.പി.എഫ് വരിക്കാർക്ക് മാത്രം ബാധകമാക്കുന്നു.

(ii) പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളവിഹിതം കോവിഡ് പ്രവർത്തനങ്ങൾക്കായി കിഴിവ് ചെയ്യുമ്പോൾ അവരുടെ പ്രതിമാസ ഇ.പി.എഫ് വിഹിതം (പരമാവധി ശമ്പള വിഹിത പരിധി 15,000/-രൂപ) 12%-ൽ കുറവ് വരാൻ പാടില്ല.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**നിത കുമാരി. റ്റി**

**ധനകാര്യ സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പ് /ഓഫീസ് മേധാവികൾക്കും.

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ഹൈകോടതി, എറണാകുളം.

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ്

സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി, രാജ്ഭവൻ.
നിയമസഭ സ്പീക്കറുടെ പ്രിൻസിപ്പൽ സെക്രട്ടറി.
മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി.
ട്രഷറി ഡയറക്ടർ, കേരള, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ലോകായുക്ത.
ഓംബുഡ്സ്മാൻ, തദ്ദേശസ്വയംഭരണ വകുപ്പ്.
നോഡൽ ഓഫീസർ www.finance.kerala.gov.in
കരുതൽ കോപ്പി/ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ